ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ആ നിലയ്ക്കു കടിശ്ശിക തുക ആര കൊടുത്തു തീർക്കുന്നാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: കമ്പനി വിലയ്ക്ക് എടുക്കുമ്പോൾ കടിശ്ശിക ശമ്പളവും മറവും ഗവണ്മെണ്ടു് കൊടുക്കുന്നതാണു്. ആ തുക വിലയിൽ തട്ടിക്കഴിക്കുന്നതായിരിക്കും.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഗവണ്മെണ്ടു് ഇതുവരെ കമ്പനി വിലയ്ക്കു എടുത്തു കഴിഞ്ഞതില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു സംബന്ധിച്ചുള്ള ജോലികൾ പൂർത്തിയായിക്കഴിഞ്ഞില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ആ കമ്പനി വിലയ്ക്കെടുക്കാമെന്നു് ഗവണ്മെണ്ടു് തീരുമാനിക്കുവാനുണ്ടായ കാരണമെന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: കമ്പനി നടത്തിക്കൊണ്ടുപോകുവാൻ സാദ്ധ്യമല്ലെന്നു ഗവണ്മെണ്ടിനെ അറിയിച്ചതുകൊണ്ടു്.

കറണ്ട ശമ്പളം

*൯ ൪൧. (൯ ൦) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ ഗവണ്മെണ്ടു ജീവനക്കാരുടെ കറണ്ട ശമ്പളം എത്ര രൂപയാണെന്നു പറയുമോ?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ): ഈ സംസ്ഥാനത്തെ ഗവണ്മെണ്ടുജീവനക്കാരുടെ കറണ്ട ശമ്പളം ൨ ൦ രൂപായും ക്ഷാമബത്ത ൨ ൦ രൂപയുമാണു്.

ശ്രീ. കെ. കുട്ടപ്പൻ: അവരുടെ ശമ്പളം വർദ്ധിപ്പിക്കുവാൻ ഗവണ്മെണ്ടു് ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

ശ്രീ. കെ. എ. മാത്യു: പി. ഡബ്ലിയു. ഡിപ്പാർട്ടുമെണ്ടിലെ കറണ്ട ശമ്പളം എന്താണു്?

ശ്രീ. എ. ജെ. ജോൺ: അതും ഇരുപതു രൂപയാണു്.

ശ്രീ. കെ. എ. മാത്യു: ൨ ൦ രൂപയും കിട്ടാത്തവരുണ്ടെന്നുള്ള വിവരം ഗവണ്മെണ്ടിനറിയാമോ?

ശ്രീ. എ. ജെ. ജോൺ: കണ്ടിജൻസിയിൽപ്പെട്ട വല്ലവർക്കും ൨ ൦ രൂപ കിട്ടാതിരുന്നേക്കാം.

ശ്രീ. കെ. എ. മാത്യു: അവർക്കുകൂടി ൨ ൦ രൂപാ കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. എ. ജെ. ജോൺ: അതേപ്പറ്റി ഇപ്പോൾ ക്ലിപ്തമായി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: പി. ഡബ്ലിയു. ഡിപ്പാർട്ടുമെണ്ടിൽ കണ്ടിജൻസി ഏർപ്പാടിൽ ആകെ എത്ര രൂപ ശമ്പളം കൊടുക്കുന്നുണ്ടു്?

ശ്രീ. എ. ജെ. ജോൺ: അതിന്റെ കണക്കു് എന്റെ കൈവശമില്ല. ഒരു വലിയ തുക കൊടുക്കുന്നുണ്ടെന്നാണു തോന്നുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ഐ. പോൾ: ഇപ്പോൾ അവർ എത്ര മണിക്കൂർ സമയം ജോലി ചെയ്യണം? ഒ ര രൂപയിൽ കുറഞ്ഞ ശമ്പളം പറ്റുന്ന ജോലിക്കാരെപ്പറ്റി യാണു ഞാൻ ചോദിച്ചതു്.

ശ്രീ. എ. ജെ. ജോൺ: ഏഴു മണി മുതൽ 5 മണിവരെ.

ശ്രീ. എം. ഐ. പോൾ: ഇതിൽ കൂടുതൽ സമയം അവർ ജോലിചെയ്യുന്നപക്ഷം അതിലേക്കു കൂടുതൽ ശമ്പളം കൊടുക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഗവണ്മെണ്ടുദ്യോഗസ്ഥന്മാർ ഗവണ്മെണ്ടു് ആവശ്യപ്പെടുന്ന സമയം മുഴുവനും ജോലിചെയ്യണമെന്നാണു് ഇപ്പോഴത്തെ വ്യവസ്ഥ

COLACHAL HOSPITAL

*942. [31] **Sri. D. Gnanasigamoni:** Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) whether any decision has been taken to shift the Colachal hospital from its present location;

(*b*) if so, when was it so decided;

(*c*) whether any new site has been fixed upon and if so where; and

(*d*) what according to Government will be the time within which the shift will take place?

Minister for Finance and Revenue **[Sri. A. J. John]:** (*a*) No.

(*b*), (*c*) and (*d*): The question does net arise.

Sri. D. Gnanasigamony: Is there a proposal to shift the hospital to the place where the police outpost is located?

Sri. A. J. John: A resolution was passed by the Municipality saying that the hospital may be shifted to the police station. The Inspector-General was consulted in the matter. He raised an objection, so that the proposal was dropped.

Sri. D. Gnanasigamoni : Are the Government aware that the present place where the hospital is located is quite unsuitable for the location of a hospital?

Sri. A. J. John : There is some inconvenience.

ശ്രീ. കെ. ആർ. ഇലങ്കത്തു്: എത്ര സെൻറ സ്ഥലത്താണു് ഈ ആശുപത്രി സ്ഥാപിച്ചിരിക്കുന്നതു്?

ശ്രീ. എ. ജെ. ജോൺ: നിശ്ചയമില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: അതിൻെറ മുന്നു സ്ഥലത്തും റോഡാണെന്നും, വളരെ ചെറിയ സ്ഥലത്തുമാത്രമാണു് ആ ആശുപത്രി സ്ഥാപിച്ചിരിക്കുന്നതെന്നും അറിയാമോ?

ശ്രീ. എ. ജെ. ജോൺ: കുറെ അസൌകര്യമുണ്ടെന്നു ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു.

Sri. D. Gnanasigamony: Will the Hon'ble Minister be pleased to visit the place and take the necessary action?

ശ്രീ. എ. ജെ. ജോൺ: ഞാൻ വിസിറ്റുചെയ്തിട്ടുണ്ടു്.

ശുദ്ധജലക്ഷാമം

*൯൪൩. (൯൨) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഫിനാൻസ് ആൻറ് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ശുദ്ധജലം കിട്ടാതെ ഏറ്റവും കൂടുതൽ കഷ്ടപ്പെടുന്നവരുടെ കൂട്ടത്തിലുള്ള മൺറോത്തുരുത്തു നിവാസികളുടെ നിവേദനങ്ങൾ കിട്ടാൻ തുടങ്ങിയിട്ടു് എത്ര കാലമായി?

LIBRARY ARCHIVES Kerala Legislative Assembly